(5) പറമ്പിക്കുളം - അലിയാർ അന്തർസംസ്ഥാന നദീജല കരാർ

ശ്രീ. കെ. എ. ചന്ദ്രൻ : സർ, പറമ്പിക്കുളം - അലിയാർ അന്തർ സംസ്ഥാന നദീജല കരാർ പുനരവലോകനം ചെയ്ത് കരാർ പുതുക്കി കേരളത്തിന് അവകാശപ്പെട്ട വെള്ളവും പറമ്പിക്കുളത്തുള്ള കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും നമുക്ക് ലഭ്യമാക്കേണ്ട അവശ്യത്തിലേക്കാണ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. 1988-ൽ പുനരവലോകനം ചെയ്ത് കരാർ പുതുക്കേണ്ടതായിരുന്നു. ഈ കരാർ പുതുക്കിയാൽ നമുക്ക് ഇന്ന് ലഭിക്കുന്നതിൽ കൂടുതൽ 2.5 ടി. എം. സി. വെള്ളം അധികമായി ലഭിക്കണം. കൊല്ലങ്കോട്ടേയും ചിറ്റൂരിലേയും വരൾച്ച നീക്കാനും പാലക്കാട് ജില്ലയിലെ കൃഷിക്കും കുടിവെള്ളത്തിനുംവേണ്ടി നടപ്പിലാക്കേണ്ട അത്യാവശ്യമായ ഒരേർപ്പാടാണ് ഇത്. ഈ കരാർ അനുസരിച്ച് നടപ്പിലാക്കേണ്ട പലതും അതി ലംഘിച്ചുകൊണ്ട് തമിഴ്നാട് പലകാര്യങ്ങളും അവിടെ നടത്തുന്നുണ്ട്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബന്ധപ്പെട്ട അധികൃർക്കും അറിയാം. കാടമ്പാറഡാം, പവ്വർ ഹൗസ്, കൊയ്യൂർ കനാൽ കോൺക്രീറ്റ് ചെയ്യൽ തുടങ്ങിയവ നിർബാധം അവർ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതൊക്കെ കരാർ ലംഘനമാണെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. കരാർ അനുസരിച്ച് നമുക്ക് ലഭിക്കേണ്ടവെള്ളം പോലും യഥാവസരം ലഭിക്കുന്നില്ല. അതിൽ ഫ്ളുഡിന്റെ വാട്ടർ കൂടി കണക്കാക്കപ്പെടുന്നു. കൂടാതെ നമുക്ക് മണക്കടവിൽ വച്ചാണ് വെള്ളം അളന്ന് തിട്ടപ്പെടുത്തുന്നത്. അതിനുശേഷം തമിഴ്നാട്ടിന്റെ കുറേ പ്രദേശത്ത് അനധികൃതമായി വെള്ളം പമ്പ് ചെയ്യുകയും ചെയ്യുന്നു. ഇതൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിച്ച് കരാർ അടിയന്തിരമായി പുതുക്കുകയും അവിടത്തെ കെട്ടിടങ്ങളും മറ്റും നമുക്ക് ലഭ്യമാക്കാൻ ശ്രമിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഇത് വലിയ വിഷയമാണ്. 29-5-1970-ൽ കേരള സർക്കാരും തമിഴ്നാട് സർക്കാരും തമ്മിൽ 1958 മുതൽ മുൻകാലപ്രാബല്യത്തോടുകൂടി ഒപ്പ് വച്ച് കരാർ ഉഭയ സമ്മതപ്രകാരം 30 വർഷത്തിലൊരിക്കൽ പുനരവലാകനം ചെയ്യാൻ വ്യവസ്ഥയുണ്ട്. അതനുസരിച്ച് പദ്ധതി കരാർ പുനരവലോകനം ചെയ്യേണ്ടതിനായി 30 വർഷം തികയുന്ന 9-11-1988-ന് മുമ്പ് തന്നെ അതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിരുന്നു. ഒരു വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മെമ്മോറാണ്ഡം തയ്യാറാക്കി 1989 സെപ്റ്റംബർ 21-ാം തീയതി തിരുവനന്തപുരത്തുവച്ച് നടന്ന മന്ത്രിതല ചർച്ചയിൽ തമിഴ്നാടിന് കൈമാറുകയുണ്ടായി. തുടർന്ന് 22-12-1989-ൽ ചെന്നൈയിൽ വച്ചും 18-8-1990-ൽ തിരുവനന്തപുരത്ത് വച്ചും 5-11-1992-ലും 28-11-1996-ലും വീണ്ടും ചെന്നൈയിൽ വച്ചും കരാർ പുനരവലോകനം സംബന്ധിച്ച് രണ്ട് സംസ്ഥാനങ്ങളുടേയും മന്ത്രിതലത്തിലും ഉദ്യോഗതലത്തിലുമുള്ള ചർച്ചകൾ നടത്തുകയുണ്ടായി. ഇതിനിടെ പറമ്പിക്കുളം-അലിയാർ പദ്ധതി കരാറിലെ വ്യവസ്ഥയിൽ ചിലത് തമിഴ്നാട് ലംഘിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. കേരളത്തിന് വെള്ളം ലഭ്യമാക്കുന്നതും കെട്ടിടങ്ങൾ വിട്ടുകിട്ടുന്നതും സംബന്ധിച്ച കരാർ വ്യവസ്ഥകളാണ് പ്രധാനമായി

LIBRARY ARCHIVES Kerala Legislative Assembly

ലംഘിക്കപ്പെട്ടിട്ടുള്ളത്. കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി കർശനമായ എല്ലാ നടപടികളും കൈക്കൊള്ളാമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വെള്ളത്തിന്റെ ദൗർലഭ്യം കാരണം പാലക്കാട്-ചിറ്റൂർ മേഖലയിലും മറ്റ് മേഖലകളിലും ഇപ്പോൾ അനുഭവപ്പെട്ടുവരുന്ന വരൾച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് തടയുന്നതിനായി പറമ്പിക്കുളം-അലിയാർ പദ്ധതിയിൽ നിന്ന് 450 ടി.എം.സി. ജലം അടിയന്തിരമായി വിട്ടുതരണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടിരുന്നു. വെള്ളം അനുവദിച്ചുകൊണ്ട് തമിഴ്നാട് സർക്കാരിന്റെ അറിയിപ്പ് ഇന്നലെ, മാർച്ച് 29-ന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(6) ഇരവിപേരൂർ പഞ്ചായത്തിൽ 7-ാം വാർഡിൽ തങ്കച്ചന്റെ ദുരൂഹ മരണം

ശ്രീ. ടി. എസ്. ജോൺ : സർ, തിരുവല്ലം പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള ഇരവിപേരൂർ പഞ്ചായത്തിലെ 7-ാം വാർഡിൽ നെല്ലിമല തങ്കച്ചൻ എന്ന പേരുള്ള ആൾ സംശയാസ്പദമായ സാഹചര്യത്തിൽ മരിച്ച നിലയിൽ ഒരു കലുങ്കിന് അടിയിലെ വെള്ളത്തിൽ കഴിഞ്ഞ മാസം കാണപ്പെടുകയുണ്ടായി. മരണ കാരണത്തെപ്പറ്റി പോസ്റ്റ്മാർട്ടം നടത്തിയ ഡോക്ടർക്ക് ഒരു നിഗമനത്തിലെത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. ലോക്കൽ പോലീസിന്റെ അന്വേഷണം ഒരു പ്രഹസനമാണെന്നാണ് നാട്ടിലെ ആളുകളുടെ അഭിപ്രായം. ആയതിനാൽ ക്രൈംബ്രാഞ്ചിനെ അന്വേഷണം ഏൽപിച്ച് നിഷ്പക്ഷമായ ഒരന്വേഷണം നടത്തി ജനങ്ങളുടെ സംശയം ദൂരികരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. .

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, പത്തനംതിട്ട ഇരവിപേരൂർ പഞ്ചായത്തിൽ കല്ലഴത്തിൽ വീട്ടിൽ തങ്കച്ചനെ 17-2-2000 മുതൽ കാണാനില്ലെന്ന് കാണിച്ച് ഫെബ്രുവരി 22-ന് തങ്കച്ചന്റെ ഭാര്യ പരാതി നൽകി. ഇതുസംബന്ധിച്ച് തിരുവല്ല പോലീസ് സ്റ്റേഷനിൽ ക്രൈം 115/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും ഫെബ്രുവരി 22-ന് തങ്കച്ചന്റെ മൃതദേഹം കൈതച്ചാൽ എന്ന സ്ഥലത്ത് ഒരു കലുങ്കിന് സമീപമുള്ള പുരയിടത്തിൽ കാണപ്പെടുകയും ചെയ്തു. രാസ പരിശോധനാഫലം ലഭിച്ചാലേ മരണകാരണം വ്യക്തമാകൂ എന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നുണ്ട്. രാസ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കി അന്വേഷണം ത്വരിതപ്പെടുത്താൻ പത്തനംതിട്ട എസ്. പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(7) ശ്രീലങ്കയിൽ നിന്നും പുനരധിവസിക്കപ്പെട്ട ആർ. പി. എൽ. തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. പി.എസ്. സുപാൽ : സർ, ശ്രീലങ്കയിൽ നിന്നും പുനരധിവസിക്കപ്പെട്ടവരാണ് ആർ. പി. എൽ.-ലെ തൊഴിലാളികൾ. അവർ ഇവിടെ വന്ന അവസരത്തിൽ അവർക്ക് ഒരു ഫാമിലി കാർഡ് കൊടുത്തിരുന്നു. ആ കാർഡിൽ പേരുള്ളവർക്ക് മാത്രമേ ആർ.പി.എൽ-ൽ ജോലി ലഭിക്കൂ. ഇപ്പോഴത്തെ പ്രശ്നമെന്ന് പറയുന്നത് അവിടെ ജനിച്ച കുട്ടികളുടെ പേര് ഫാമിലി കാർഡിൽ ഉൾപ്പെടുത്താത്തതുകൊണ്ട് ആ കുട്ടികൾക്ക് ജോലി ലഭിക്കാത്ത സാഹചര്യമാണ്. അവരുടെ പേര് ഫാമിലി കാർഡിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly